## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2010** **10.10.2011ൽ മറുപടിക്ക്**

## കോഴിക്കോട് മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്റർ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ. പ്രദീപ് കുമാർ** | **ശ്രീ. അടൂർ പ്രകാശ്**<br>**(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)** |
| എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; | എ) 08.07.2011ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പാവപ്പെട്ട കാൻസർ രോഗികളുടെ ചികിത്സയ്ക്കായി 'ലീനിയർ ആക്സിലറേറ്റർ' സ്ഥാപിക്കുന്നതിനായി 2 കോടി രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ബി) 10.25 കോടി രൂപ ചെലവിൽ 'ലീനിയർ ആക്സിലറേറ്റർ' സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ച പ്രകാരം 2 കോടി രൂപ വകയിരുത്തുന്നതിനും, അധികമായി വേണ്ടുന്ന തുക ഉപധനാഭ്യർത്ഥന വഴി വകയിരുത്തുന്നതിനും വേണ്ടുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ